# MyCARE

ഓരോ ചുവടും എന്നോടൊപ്പം



# “ടൈപ്പ് 1 ഡയബറ്റീസ്


## ഉള്ള ആളുകളിലെ ഇൻസുലിനെ പറ്റി നമുക്ക് കൂടുതൽ മനസ്സിലാക്കാം”

USV


നമ്മൾ ഭക്ഷണം കഴിക്കുമ്പോൾ, അതിലുള്ള കാർബോഹൈഡ്രേറ്റ് (ധാന്യകം) ഗ്ലൂക്കോസ് ആയി മാറും പിന്നീട് അത് **രക്തപ്രവാഹത്തിലേയ്ക്ക് തുറന്നു വിടും.**




നമ്മുടെ  രക്തത്തിലെ
പഞ്ചസാരയുടെ അളവ് ഉയരുമ്പോൾ,
**പാൻക്രിയാസ്  ഗ്രന്ഥികൾ ഇൻസുലിൻ എന്ന് പറയുന്ന ഒരു ഹോർമോൺ പുറത്തു വിടും.**



**രക്തപ്രവാഹത്തിൽ** നിന്നും പഞ്ചസാരയെ (ഗ്ലൂക്കോസ്) **ശരീരത്തിന്റെ കോശങ്ങളിലെക്ക് മാറ്റുവാൻ** ഇൻസുലിൻ സഹായിക്കുന്നു. അവിടെ ഗ്ലൂക്കോസിനെ ഊർജത്തിനായി ഉപയോഗിക്കുന്നു.



**ടൈപ്പ് 1 ഡയബറ്റീസിൽ,** ഒരു ഓട്ടോഇമ്യൂൺ പ്രതിപ്രവർത്തനം കാരണം, **ശരീരത്തിന്റെ രോഗപ്രതിരോധ സംവിധാനം ഇൻസുലിൻ ഉൽപാദിപ്പിക്കുന്ന അതിന്റെ തന്നെ കോശങ്ങളെ ആക്രമിക്കുന്നു.** ശരീരം ഒട്ടും തന്നെ ഇൻസുലിൻ ഉൽപാദിപ്പിക്കുന്നില്ല അല്ലെങ്കിൽ കുറച്ചു മാത്രം ഉൽപാദിപ്പിക്കുന്നു. തൽഫലമായി രക്തപ്രവാഹത്തിൽ വളരെ അധികം പഞ്ചസാര അവശേഷിക്കുന്നു.




**ടൈപ്പ് 1 ഡയബറ്റീസ്** മുൻപ് **ഇൻസുലിൻ ആശ്രിത** അല്ലെങ്കിൽ **ബാല്യകാല ഡയബറ്റീസ്** എന്നാണ് അറിയപ്പെട്ടിരുന്നത്, കാരണം ഇത് രോഗനിർണയം ചെയ്യപ്പെട്ടിരുന്നത് കുട്ടികളിലും, കൗമാരക്കാരിലും, ചെറുപ്പക്കാരിലും ആണ്. എന്നിരുന്നാലും ഇത് ഏത് പ്രായക്കാരിലും ഉണ്ടാകാം.

അതുകൊണ്ടാണ് ടൈപ് 1 പ്രമേഹമുള്ള ആളുകൾക്ക്, അവരുടെ രക്തത്തിലെ പഞ്ചസാരയുടെ അളവ് സാധാരണ നിലയിൽ സൂക്ഷിക്കുന്നതിന്, **ദിവസേന പുറമെ നിന്നും ഇൻസുലിൻ നൽകേണ്ടി വരുന്നത്.**




**പുറമെ നിന്നും ഇൻസുലിൻ നൽകുന്ന** ചികിത്സയിൽ ശരീരം സാധാരണ ഉൽപാദിപ്പിക്കുന്ന ഇൻസുലിന് **പകരമായി ഇൻസുലിൻ നൽകുകയാണ്** ചെയ്യുന്നത്.



## വിവിധ തരത്തിലുള്ള ഇൻസുലിൻ ഇപ്പോൾ ലഭ്യമാണ്.

നിങ്ങൾക്ക് ആവശ്യമുള്ള തരം ഇൻസുലിനും അത്  സ്വീകരിക്കേണ്ട ആവൃത്തികളും നിങ്ങളുടെ ജീവിതശൈലിയും രക്തത്തിലെ പഞ്ചസാരയുടെ അളവും അനുസരിച്ച് ഡോക്ടർ തീരുമാനിക്കും.



ഫാസ്റ്റ് ആക്റ്റിംഗ്    ഇന്റർമിഡിയേറ്റ്    ലോങ്ങ് ആക്റ്റിംഗ്

ഈ ചിത്രം പ്രാതിനിധ്യ ആവശ്യങ്ങൾക്ക് വേണ്ടി മാത്രമാണ്.



“ഓർമ്മിക്കുക, **ഇൻസുലിൻ സുരക്ഷിതമായ, വിശ്വസിക്കാവുന്ന ഒരു സുഹൃത്ത് ആണ്.** സന്തുഷ്ടവും, സുദീർഘവും, ആരോഗ്യകരവുമായ ഒരു ജീവിതം നയിക്കുവാൻ അത് നിങ്ങളെ സഹായിക്കും.”



"ടൈപ്പ് 1 ഡയബറ്റീസ് ഉള്ള ആളുകൾക്ക് **ഇൻസുലിൻ ഒരു ജീവൻ രക്ഷാഔഷധം** ആണ്. **നിങ്ങളെ ചികിത്സിക്കുന്ന ഡോക്ടറെ അറിയിക്കാതെ ഒരിക്കലും ഇൻസുലിൻ നിർത്തരുത്.**"

# MyCARE

ഓരോ ചുവടും എന്നോടൊപ്പം

## റഫറൻസ്


1. എന്താണ് പ്രമേഹം. CDC(2021). https://www.cdc.gov/diabetes/basics/diabetes.html#:~:text=Diabetes%20is%20a%20chronic%20(long,your%20pancreas%20to%20release%20Insulin - ൽ നിന്നും 2022 ജൂലൈ 6-ന് ശേഖരിച്ചത്.

2. പ്രമേഹത്തെക്കുറിച്ച്. ഇന്റർനാഷണൽ ഡയബറ്റീസ് ഫെഡറേഷൻ (IDF). https://www.idf.org/aboutdiabetes/type-1-diabetes.html - ൽ നിന്നും 2022 ജൂലൈ 7-ന് വീണ്ടെടുത്തത്.



**Disclaimer:**
"The guide/presentation/content/literature is for general information, guidance and educational purposes only and is not complete or exhaustive. The guide/presentation/content/literature is not intended or implied to replace or substitute any current practice and or advice/guidance/diet provided by healthcare professionals. This guide/presentation/content/literature does not constitute any treatment/therapy/medication/diet/opinions for any patients who are on diabetes medication, the patients are required to prior consult their healthcare professional before acting on any change on treatment/therapy/ medication/diet and or opions. USV Private Limited makes no representations as to accuracy, completeness, correctness, suitability or validity of any information contained in this guide/presentation/content/literature and will not be liable for any losses, injuries or damages arising from its use."



പൊതുജന താൽപര്യാർത്ഥം പ്രസിദ്ധീകരിക്കുന്നത് USV